**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 523**
**29/05/2019 -ലെ മറുപടിക്ക്**

**ജില്ലാ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗങ്ങൾക്ക് പുതിയ വാഹനങ്ങൾ**

| ചോദ്യം. | ഉത്തരം. |
|---|---|
| **ശ്രീ. അനിൽ അക്കര** | **ശ്രീ. തോമസ് ഐസക്<br>ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി** |
| ധനകാര്യവകുപ്പിന്റെ ജില്ലാ ഇൻസ്പെക്ഷൻ വിഭാഗങ്ങൾക്കായി പുതിയ വാഹനങ്ങൾ വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യമെന്താണ്; | ധനകാര്യവകുപ്പിന്റെ ജില്ലാ ഇൻസ്പെക്ഷൻ വിഭാഗങ്ങൾക്കായി 12 പുതിയ വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. ഇടുക്കി ,വയനാട് എന്നീ ജില്ലാ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗങ്ങളിൽ മഹീന്ദ്ര ബൊലേറോ എ.സി ജീപ്പാണ് ഉപയോഗിക്കുന്നത്.എന്നാൽ ബാക്കി 12 ജില്ലാ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗങ്ങളിലും ഉപയോഗിക്കുന്നത് നോൺ എ.സി മാരുതി ആൾട്ടോ വാഹനമാണ്.പ്രസ്തുത വാഹനത്തിൽ 4 പേർക്ക് മാത്രമേ സഞ്ചരിക്കാൻ കഴിയുകയുള്ളൂ. ജില്ലാ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെയും ധനകാര്യ ഇൻസ്പെക്ഷൻ വിംഗിന്റെയും ഒരുമിച്ചുള്ള അന്വേഷണങ്ങൾക്ക് മുഴുവൻ ടീം അംഗങ്ങളെയും ഒരു ട്രിപ്പിൽ അന്വേഷണം നടക്കുന്ന ഓഫീസുകളിൽ എത്തിക്കുന്നതിനും , മറ്റ് ഫീൽഡ് തല പരിശോധനകൾക്കും കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.ഈ വാഹനങ്ങളെല്ലാം തന്നെ 9 വർഷത്തോളം പഴക്കം ചെന്നവയുമാണ്.കൂടാതെ ടി വാഹനങ്ങളുടെ അറ്റകുറ്റപണികൾക്കു വേണ്ടി പലപ്പോഴും ഉയർന്ന തുക ചെലവഴിക്കേണ്ടി വരുന്നുമുണ്ട്.ടി വാഹനങ്ങൾ നോൺ എ.സി ആയതിനാൽ മഴക്കാലത്ത് വാഹനം |

| | |
|---|---|
| | ഉപയോഗിക്കുമ്പോൾ സുരക്ഷ ഭീഷണിയുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യങ്ങളിൽ ധനകാര്യ (ദേശീയ സമ്പാദ്യ പദ്ധതി ) വകുപ്പിൽ നിലവിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ കണ്ടം ചെയ്ത് പകരം ടി ആൾട്ടോ കാറുകൾ ദേശീയ സമ്പാദ്യ വകുപ്പിനു നൽകുവാൻ തീരുമാനമായതിന്റെ അടിസ്ഥാനത്തിലാണ് , ജില്ലാ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗങ്ങൾക്ക് പുതിയ വാഹനങ്ങൾ വാങ്ങിയത്. |
| പ്രസ്തുത വാഹനങ്ങൾ വാങ്ങിയതിന്റെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | പ്രസ്തുത വാഹനങ്ങൾ വാങ്ങിയ ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1 ൽ ചേർക്കുന്നു. |
| പ്രസ്തുത വിഭാഗത്തിന്റെ പഴയ വാഹനങ്ങൾ എത്ര കിലോമീറ്റർ ഓടിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ; | ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 2 ൽ ചേർക്കുന്നു. |
| ഈ വാഹനങ്ങൾ വേറെ ഏതെങ്കിലും വകുപ്പിന്റെ ഉപയോഗത്തിന് നൽകുവാൻ തീരുമാനം ആയിട്ടുണ്ടോ; | ഈ വാഹനങ്ങൾ ധനകാര്യ വകുപ്പിന്റെ തന്നെ കീഴിലുള്ള ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന് കൈമാറാനുള്ള തീരുമാനമായിട്ടുണ്ട്.ഇതിന്റെ നടപടികൾ സ്വീകരിച്ചു വരുന്നു. |
| സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന്റെ ഭാഗമായി വാഹനങ്ങൾ പുതുതായി വാങ്ങുന്നതും വാടകയ്ക്ക് എടുക്കുന്നതും സംബന്ധിച്ച് സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ? | സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന്റെ ഭാഗമായി വാഹനങ്ങൾ പുതുതായി വാങ്ങുന്നതും വാടകയ്ക്ക് എടുക്കുന്നതും സംബന്ധിച്ച് സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം 3 ൽ ചേർക്കുന്നു. |

**അക്കൗണ്ട്സ് ഓഫീസർ**

[illegible] 1

**GOVERNMENT OF KERALA**

**Abstract**

Finance Department – Purchase of twelve Mahindra Bolero ZLX 2WD PS BSIV (Diesel) jeeps for the use of Finance Department- Payment- Sanction accorded- Orders issued.

---

**FINANCE (ACCOUNTS-B) DEPARTMENT**

**G.O (Rt.) No.3285/2019/Fin    Dated, Thiruvananthapuram,29/04/2019**

Read: - 1. Invoice No. IN0105059594 dated 12/03/2019 from M/s MAHINDRA & MAHINDRA LIMITED.

2. GO (Ms) No. 145/2019/Fin. Dated 04/04/2019.

**ORDER**

Administrative Sanction has been issued for the purchase of Twelve Mahindra Bolero ZLX 2WD PS BSIV (Diesel) jeeps through Government E- Market place(GeM) portal for the use of Finance(inspection squads) Department at a total estimated cost of **(Rs.1,00,00,000/-/- (Rupees One Crore only ) as per the G.O read above.**

M/s.MAHINDRA & MAHINDRA LIMITED has submitted the invoice for the purchase of the vehicle @ **Rs. 8,07,275/- (Rupees Eight Lakh Seven Thousand Two Hundred and Seventy Five only)** per vehicle.Hence the total cost of twelve vehicles comes to **Rs. 90,87,300/- (Rs.8,07,275/-*12 ).**

Therefore, Government are pleased to accord sanction for the payment of a total amount of **Rs. 96,87,300/-(Rupees Ninety Six Lakh Eighty Seven Thousand and Three Hundrd only)** for the twelve Mahindra Bolero ZLX 2WD PS BSIV(Diesel) jeeps from M/s.MAHINDRA & MAHINDRA LIMITED through the authorized dealer M/s TVS & SONS Ltd,Neermankara,Kaimanom,Thiruvananthapuram.

The D.D.O(Finance) will make arrangement for the drawal and transfer the amount of **Rs. 95,56,391/-(Rupees Ninety Five Lakh Fifty Six Thousand Three Hundered and Ninety One only)**including 26 % IGST by means of RTGS to the Current Account of M/s MAHINDRA & MAHINDRA Ltd. with the Standard Chartered Bank,M.G.Road Branch,Fort,Mumbai **(IFSC Code SCBL0036046, Current Account No.22205260337)** and **Rs.1,30,909/- (Rupees One Lakh Thirty Thousand Nine Hundred and Nine only)** towards TDS on IGST(2%).

The expenditure on this will be met by debit to the head of account **"2052-00-090-96-FD-21-1- (NP-V)Purchase of Vehicles".**

**(BY ORDER OF THE GOVERNOR),**
**SANJEEV KAUSHIK IAS**
**PRINCIPAL SECRETARY (FINANCE RESOURCE & EXPENDITURE)**

To

The Principal Accountant General (Audit), Kerala, Thiruvananthapuram
The Accountant General (A&E), Kerala, Thiruvananthapuram
The Finance (Accounts-A) Department
M/s Mahindra & Mahindra Ltd.Haridwar,Uttarakhand.
M/s TVS & SONS Ltd,Neeramankara,Kaimanom,Thiruvananthapuram
The Finance (Cash)Department
Stock File/Office copy.

Forwarded/By Order,

Accounts Officer

അനുബന്ധം - 2

**12 ജില്ലാ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പഴയ വാഹനങ്ങൾ (മാരുതി ആൾട്ടോ) ഓടിയിട്ടുള്ള കിലോമീറ്റർ (ജില്ല തിരിച്ചുള്ള വിവരം ) ചുവടെ ചേർക്കുന്നു.**

| ക്രമ നം | ജില്ല | പഴയ വാഹനത്തിന്റെ രജിസ്ട്രേഷൻ നം | ഓടിയ ദൂരം (കിലോമീറ്റർ) |
|---|---|---|---|
| 1 | തിരുവനന്തപുരം | KL -01 -AY-8844 | 40544 |
| 2 | കൊല്ലം | KL -01 - AY- 8793 | 42288 |
| 3 | പത്തനംതിട്ട | KL -01 -AY - 8855 | 61056 |
| 4 | ആലപ്പുഴ | KL - 01 - AY - 8813 | 45704 |
| 5 | കോട്ടയം | KL -01 -AY - 8780 | 34298 |
| 6 | എറണാകുളം | KL -01 -AY -8837 | 65475 |
| 7 | തൃശ്ശൂർ | KL -01 -AY -8759 | 62610 |
| 8 | പാലക്കാട് | KL -01 - AY - 8791 | 69239 |
| 9 | മലപ്പുറം | KL -01 -AY -8749 | 59028 |
| 10 | കോഴിക്കോട് | KL -01 -AY 9024 | 46123 |
| 11 | കണ്ണൂർ | KL -01 -AY - 8776 | 68827 |
| 12 | കാസർഗോഡ് | KL -01 - AY - 8773 | 77330 |

അനുബന്ധം - 3

**കേരള സർക്കാർ**

സംഗ്രഹം

വ്യയനിയന്ത്രണ നടപടികൾ- പുതുക്കിയ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച്- ഉത്തരവാകുന്നു.

---

**ധനകാര്യ(രഹസ്യ)വകുപ്പ്**

**സ.ഉ.(അ) നം. 66/2018/ധന** **തീയതി, തിരുവനന്തപുരം, 17.04.2018**

---

പരാമർശം : 1. 22/07/2016 ലെ സ.ഉ. (അ).102/2016/ധന

2. 11/01/2005 ലെ സ.ഉ. (അ) 17/2005/ധന

**ഉത്തരവ്**

സംസ്ഥാന സർക്കാരിന്റെ ധനദൃഢീകരണ പ്രക്രിയയുടെ ഭാഗമായി ചുവടെപ്പറയുന്ന വ്യയനിയന്ത്രണ നിർദ്ദേശങ്ങൾ ഉടൻ പ്രാബല്യത്തിൽ പുറപ്പെടുവിക്കുന്നു.

1. ആവശ്യമായ വർക്ക്സ്റ്റഡിയ്ക്ക് ശേഷം മാത്രമേ പുതിയ തസ്തികകൾ സൃഷ്ടിക്കാവൂ. വകുപ്പിനുള്ളിൽ പുനർവിന്യാസം കൊണ്ട് ആവശ്യങ്ങൾ പരിഹരിക്കുവാൻ കഴിയുമെങ്കിൽ ആ വഴി തേടേണ്ടതാണ്.

2. വകുപ്പ് മേധാവികൾ, പോലീസ്, നിയമനിർവഹണ ഏജൻസികൾ, തദ്ദേശ ഭരണ സ്ഥാപന അദ്ധ്യക്ഷന്മാർ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങളുടെ മേധാവികൾ എന്നിവർക്കു മാത്രമേ സ്വന്തമായി വാഹനം വാങ്ങിക്കാൻ പാടുള്ളൂ.

3. സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിൽ പുതുതായി വാഹനം വാങ്ങിക്കുന്നതിനു പകരം അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് 3-5 വർഷ കാലയളവിലേക്ക് പുതിയ വാഹനം Lease ന് എടുക്കേണ്ടതാണ്. ഡ്രൈവർ, ഇന്ധന ചെലവ്, മെയിന്റനൻസ് ചെലവ് ഉൾപ്പെടെയാണ് Lease ന് വാഹനം എടുക്കേണ്ടത്. Lease ന് എടുക്കുന്ന വാഹനത്തിന്റെ വില യാതൊരു കാരണവശാലും 14 ലക്ഷം രൂപയിൽ കൂടാൻ പാടുള്ളതല്ല. ഇപ്രകാരം എടുക്കുന്ന വാഹനത്തിന്റെ Lease ചെലവ് പുതിയ വാഹനം വാങ്ങിക്കുന്നതിനുള്ള ബന്ധപ്പെട്ട പ്ലാൻ/നോൺ പ്ലാൻ ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

4. എല്ലാ സർക്കാർ വകുപ്പുകളും അവയുടെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിലെ നിലവിലുള്ള വാഹനങ്ങൾ സംബന്ധിച്ച e-രജിസ്റ്ററുകൾ അതാത് വകുപ്പിൽ സൂക്ഷിക്കേണ്ടതാണ്.

5. പുതിയ ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ അനുവദിക്കാൻ പാടില്ല. അത്തരം സ്ഥാപനങ്ങൾ അനുവദിക്കേണ്ടതുണ്ടെങ്കിൽ വിശദമായ പഠനത്തിനു ശേഷം മാത്രമേ അനുമതിനൽകാവൂ.

6. സർക്കാർ വകുപ്പുകൾ. പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിലെ ജീവനക്കാർ വിമാനയാത്രകൾ പരമാവധി കുറയ്ക്കണം. വീഡിയോ കോൺഫറൻസിങ് ഉപയോഗപ്പെടുത്താനുതകുന്ന സാഹചര്യങ്ങളിൽ പരമാവധി അതിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തണം.

7. അനിവാര്യവും തീർത്തും ഒഴിവാക്കാൻ പറ്റാത്തതുമായ സാഹചര്യത്തിൽ മാത്രമേ വിദേശയാത്രകൾ അനുവദിക്കാവൂ. സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിലെ ജീവനക്കാർ വിദേശ യാത്രക്കുള്ള ശുപാർശകൾ കുറഞ്ഞത് 4 ആഴ്ച മുൻപ് സർക്കാരിന്റെ മുൻകൂറനുമതിക്കായി സമർപ്പിക്കേണ്ടതാണ്. മുൻകൂർ അനുമതിയില്ലാതെ നടത്തുന്ന വിദേശ യാത്രകൾക്ക് യാതൊരു കാരണവശാലും സാധൂകരണം നൽകുന്നതല്ല. ഔദ്യോഗിക വിദേശയാത്രകൾക്കുള്ള ശുപാർശകൾ (സർക്കാരിനു സാമ്പത്തിക ബാദ്ധ്യത ഇല്ലാത്തതുൾപ്പെടെ) ഭരണവകുപ്പ് മന്ത്രിയുടെ അംഗീകാരത്തോടുകൂടി ധനവകുപ്പിന്റെ അംഗീകാരം തേടേണ്ടതാണ്. അതിനു ശേഷം ചീഫ് സെക്രട്ടറി വഴി മുഖ്യമന്ത്രിയുടെ അനുമതിയോടുകൂടി മാത്രമേ ഉത്തരവു പുറപ്പെടുവിക്കാവൂ.

8. മൊബൈൽ ഫോൺ ചാർജ്ജ് നിരക്കുകളിൽ വൻ കുറവ് വന്നിട്ടുള്ള സാഹചര്യത്തിൽ സർക്കാർ ചെലവിൽ ടെലിഫോൺ ഉപയോഗിക്കുന്ന മുഴുവൻ ജീവനക്കാരും, നിലവിൽ കണക്ഷൻ ഉള്ളവരും പുതുതായി കണക്ഷൻ അനുവദിക്കപ്പെടുന്നവരും, ലാന്റ് ലൈൻ കണക്ഷനു പകരം മൊബൈൽ ഫോൺ ഉപയോഗം വർദ്ധിപ്പിക്കേണ്ടതാണ്. അർഹരായ ഉദ്യോഗസ്ഥർ ഒറിജിനൽ ബിൽ ഹാജരാക്കുന്ന മുറയ്ക്ക് അനുവദനീയമായ പരിധിക്കുള്ളിലുള്ള തുക അനുവദിച്ചു നൽകുന്നതാണ്. പ്രീ-പെയ്ഡ് മൊബൈൽ കണക്ഷൻ ഉപയോഗിക്കുന്നവർക്ക് ഇതിന്റെ ചാർജ്ജായി വ്യക്തിഗത സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 440/- രൂപ അനുവദിക്കുന്നതാണ്. ബില്ലിന്റെ പകർപ്പോ തുക ഒടുക്കിയതു സംബന്ധിച്ച രേഖകളോ ഹാജരാക്കുന്നമുറയ്ക്ക് മാത്രമേ മേൽ തുകയിൽ അധികരിച്ചുവരുന്ന ചാർജ് അനുവദിച്ചുനൽകുകയുള്ളൂ.

9. വകുപ്പു തലവന്മാർക്ക് ഔദ്യോഗിക മൊബൈൽ ഫോൺ കണക്ഷൻ ചാർജ്ജായി നിലവിൽ അനുവദിക്കുന്ന 1500/- രൂപയെന്ന പ്രതിമാസ പരിധി പോസ്റ്റ് പെയ്ഡ് / പ്രീ-പെയ്ഡ് കണക്ഷനുകൾക്ക് പ്രതിമാസം 1000/- രൂപയായും പുതുക്കി നിശ്ചയിക്കുന്നു.

മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുവെന്ന് എല്ലാ വകുപ്പ് സെക്രട്ടറിമാരും വകുപ്പ് മേധാവികളും ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മനോജ് ജോഷി**

പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.

എല്ലാ വകുപ്പ് / ഓഫീസ് തലവൻമാർക്കും.
നിയമം ഉൾപ്പെടെ സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും.
ട്രഷറി ഡയരക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മിഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
രജിസ്ട്രാർ, കേരള സർവ്വകലാശാല / കൊച്ചിൻ / കാലിക്കട്ട് / മഹാത്മ ഗാന്ധി / കണ്ണൂർ / കേരള കാർഷിക സർവ്വകലാശാല / ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല/മലയാളം സർവ്വകലാശാല/ആരോഗ്യ സർവ്വകലാശാല/സാങ്കേതിക സർവ്വകലാശാല.
എല്ലാ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണറുടെ സെക്രട്ടറി.
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി, മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ, ചീഫ് വിപ്പിന്റെ പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷ നേതിവിന്റെ പ്രൈവറ്റ് സെക്രട്ടറി.
സ്പീക്കറുടെ / ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
എല്ലാ സർക്കാർ കമ്പനികളുടേയും / ബോർഡ് / കോർപ്പറേഷനുകൾ / പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ മനേജിംഗ് ഡയറക്ടർ / ജനറൽ മാനേജർക്കും
നോഡൽ ഓഫീസർ, www.finance.kerala.gov.in
ഓഫീസ് പകർപ്പ് / സൂക്ഷിപ്പ് ഫയൽ.

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

അനുബന്ധം - 3

**GOVERNMENT OF KERALA**

**Finance (Expenditure-B) Department**

## CIRCULAR

**No. 85/2018/Fin.** **Dated, Thiruvananthapuram 15/09/2018**

Sub:- Finance Department – Taking new vehicles on long-term lease by Government Department and other agencies – Guidelines Issued.

Ref:- 1) G.O.(P) No. 442/2012/Fin dated 08/08/2012
2) G.O. (Ms) No. 72/2013/GAD dated 14/03/2013
3) G.O. (P) No. 515/2013/Fin dated 11/10/2013
4) G.O. (P) No. 66/2018/Fin dated 17/04/2018

As per the Government Order referred fourth paper above, directions were issued that new vehicles could be hired on long-term lease of five years by Departments in lieu of purchase of vehicles. Hon'ble Finance Minister in his Budget Speech 2018-19 had stated that hiring of vehicles could reduce the expenses by one third of the cost incurred for the purchase of the vehicles. In continuation of the above order, following guidelines are being issued for taking new vehicles on long-term lease by Government departments and other agencies.

i. Approval of Finance Department should be taken for taking new vehicles on long-term lease as is done for purchase of new vehicles. If there is no sanctioned post of driver in an organization, new vehicle should not be purchased. If that organization requires a vehicle, they should submit a proposal to the Government for taking a new vehicle on 5 year lease. Such lease should be taken only after Government approval. For Departments and organizations where there is a sanctioned post of driver, if an existing vehicle is to be condemned and replaced, with prior approval of Government in Finance Department, new vehicle could be purchased after condemning the old vehicle.

ii. The new vehicle to be taken on long-term lease for 5 years should be an unused vehicle. The vehicle should be supplied by the service provider along with driver on a monthly charge for specified minimum hours per day with specified minimum kilometre per month for a fixed charge. The contract should also include per hour and per kilometre charges beyond the minimum contracted payment. Fuel, maintenance etc. should be the responsibility of the service provider.

iii. Procedure for Hiring of such vehicles should be through a transparent bidding process. The department/organisation should publish the tender notice in a local newspaper with wide circulation giving a minimum of two weeks notice. The bidding criteria should be fixed considering hiring charges per month plus a certain number of excess driving hours and kilometre per month. The bidder need not own the vehicle while submitting the bid but should make it available within a certain number of days. The vehicle need not be a commercial vehicle. To ensure serious bids, EMD of Rs 10,000/- should be insisted. If the vehicle becomes unserviceable or gets damaged during the lease period of 5 years, it should be the responsibility of the service provider to replace that with vehicle of same age and make. The contract for lease of vehicle could be terminated by mutual consent at any point of time before the end of five years.

iv. Both for purchase of new vehicle and hiring of vehicle on long-term lease, an indicative list of the category of vehicles is given below.

a. Officers of and above the level of Heads of Departments, District Collector, SP and District Judge – Premium sedans like Maruti Ciaz, Honda City, Tata Nexon etc.

b. All other officers and offices – Vehicles of the type Mahindra Bolero, Maruti Suzuki Swift Dzire, Honda Amaze, Tata Indigo etc.

v. Log book shall be maintained as in the case of Department owned vehicles.

(By Order of the Governor)
**DR. SHARMILA MARY JOSEPH, IAS**
Secretary (Finance Expenditure)

To

The Principal Accountant General (A&E/G&SSA) Kerala, Thiruvananthapuram
The Principal Accountant General (E&RSA) Kerala, Thiruvananthapuram
The Director of Treasuries, Thiruvananthapuram
All Heads of Departments
All Departments of Secretariat (through e-office notice board)
Finance (SS/Budget/SFC/Accounts) Department
Nodal Officer, www.finance.kerala.gov.in
The Stock File/Office Copy

Forwarded/By Order

Accounts Officer